## ഗവൺമെന്റ് യു.പി.സ്കൂൾ മുല്ലൂർ പനവിള

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# PROFILE

| | |
|---|---|
| Name of school | : Govt. UPS Mulloor Panavila |
| Date of establishment | : 1888 |
| Name of municipality | : Thiruvananthapuram |
| Name of BRC | : Balaramapuram |
| Name of district | : Thiruvananthapuram |
| Name of educational district | : Neyyattinkara |
| Name of sub district | : Balaramapuram |
| Name of Headmaster | : B.V.Suresh |
| Mob Number | : 8547606470 |
| Senior Assistant | : Sheeba P S |
| Email ID of school | : gupsmulloorpanavila@gmail.com |
| School code | : 44243 |
| Name of Taluk | : Neyyattinkara |

# ഉള്ളടക്കം


- ആമുഖം
- സമഗ്ര ഗുണമേന്മാ വർഷം
- പ്രാഥമിക വിവരങ്ങൾ
- ആശയങ്ങൾ, മനോഭാവങ്ങൾ
- ലക്ഷ്യങ്ങൾ
- പ്രതിസന്ധികൾ /പരിമിതികൾ
- അക്കാദമിക പ്രവർത്തനങ്ങൾ
- തനതു പരിപാടിയിലൂടെ
- സ്കൂൾതല തനതു പരിപാടിയിലൂടെ
- സ്കൂൾതല മോണിറ്ററിംഗ്

# ആമുഖം

വിഴിഞ്ഞം വില്ലേജിലെ 137 വർഷം പഴക്കമുള്ള സ്കൂളാണ് ഗവ.യു.പി.എസ്. മുല്ലൂർ പനവിള പനനിന്ന പുത്തൻ വീട്ടിൽ ശ്രീ നാരായണൻ നാടാർ 1888 - ൽ സ്ഥാപിച്ചതാണ് ഈ സ്കൂൾ. സമീപ പ്രദേശങ്ങളിലൊന്നും വിദ്യാലയങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് തന്റെ മകളും വികലാംഗയുമായ കാർത്ത്യായനിക്ക് വിദ്യാഭ്യാസം ചെയ്യാനാണ് സ്കൂൾ ആരംഭിച്ചത്. നാരായണൻ നാടാരുടെ കുടുംബപ്പേരായ പനവിള എന്ന നാമം ചേർത്താണ് പനവിള സ്കൂൾ അറിയപ്പെടുന്നത്.

ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളാണ് തുടക്കത്തിൽ ഉണ്ടായിരുന്നത്. 1947-48 അധ്യയനവർഷത്തിൽ ഈ സ്കൂളിനെ സർക്കാരിന് കൈമാറുകയും 1962-63 ൽ അഞ്ചാം ക്ലാസ് ആരംഭിക്കുകയും ചെയ്തു. 1965-66 ൽ ഗവ.യു.പി.എസ്. പനവിള എന്ന് പുനർ നാമകരണം ചെയ്യുകയും യു.പി.സ്കൂളായി അപ്ഗ്രേഡ്ചെയ്യുകയും ചെയ്തു.

56 സെന്റ് സ്ഥല വിസ്തീർണത്തിലുള്ള സ്കൂളിന്റെ വികസന പ്രവർത്തനത്തിന് തുടക്കം കുറിച്ചത് ശ്രീമാൻ ഗംഗാധരൻ നാടാർ പ്രധാന അധ്യാപകനായി വരുന്നതോടെയാണ്. അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ് ഓടുമേഞ്ഞ പ്രധാന കെട്ടിടവും ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ രണ്ട് താത്ക്കാലിക ഷെഡ്ഡുകളും ഉണ്ടായത്. ശ്രീ.ബി.നടരാജൻ പ്രധാനാധ്യാപകനായിരുന്ന കാലത്ത് ശുദ്ധജലത്തിനായി വാട്ടർ കണക്ഷൻ ലഭ്യമാക്കുകയും ഓഫീസ് വൈദ്യുതീകരിക്കുകയും ചെയ്തത്. 1996 മുതൽ പ്രധാനാധ്യാപകനായിരുന്ന ശ്രീ.രാജാമണി, പി.ടി.എ പ്രസിഡന്റായിരുന്ന ശ്രീ.കെ.ശശിധരൻ എന്നിവരുടെ കാലയളവിൽ ചുറ്റുമതിൽ, ജലസംഭരണി, മോട്ടോർ പമ്പ്, മൈക്ക് സെറ്റ്, ക്ലാസ് മുറികൾ വേർ തിരിക്കൽ, ലാബ് സൗകര്യം എന്നിവ യാഥാർത്ഥ്യമാകുകയുണ്ടായി. 2014 മുതൽ 2020 വരെ ഡി.ജെ.സാം പ്രധാനാധ്യാപകനായിരുന്ന സമയത്ത് അദാനി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ഇരുനില മന്ദിരം നിർമ്മിച്ചുനൽകുകയും കിണർ ശുദ്ധീകരിച്ച് മോട്ടോർ പമ്പ് സ്ഥാപിക്കുകയും എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂൾ ബസ്സ് ലഭ്യമാകുകയും ചെയ്തു. 2022 മുതൽ ശ്രീ.ബി.വി. സുരേഷ് പ്രധാനാധ്യാപകനായിരിക്കുന്ന സമയത്ത് ക്യബേർസ്റ്റ് ടെക്നോളജീസ് നിർമ്മിച്ച നൽകിയ ശിശുസൗഹൃദ ഫർണിച്ചറുകളും വർണാഭമായ ക്ലാസ് മുറികളും യാഥാർത്ഥ്യമാകുകയുണ്ടായി. സ്റ്റാർസ് പദ്ധതിയിലൂടെ വർണക്കൂടാരം എന്ന പേരിൽ അന്താരാഷ്ട്ര നിലവാരമുള്ള പ്രീപ്രൈമറി ക്ലാസ് മുറികളും ആയുഷിന്റെ സഹായത്തോടെ യോഗ പരിശീലന കേന്ദ്രവും തുടങ്ങാനായി.

# സമഗ്ര ഗുണമേന്മാ വർഷം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. മികവെന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിന്റെ കാര്യത്തിൽ കുറേക്കൂടി മുന്നേറാൻ ഈ വർഷം സമഗ്ര ഗുണമേന്മാ വർഷമായി പരിഗണിക്കുന്നു. കുട്ടികളുടെ സമഗ്ര വികാസത്തിൽ ശാരീരിക ബൗദ്ധിക മാനസിക വൈകാരിക സാമൂഹിക ഘടക വികാസ മേഖലകളുടെ ശാസ്ത്രീയവും പ്രായത്തിന് ഗുണമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്. അറിവെന്നാൽ പാഠപുസ്തകങ്ങളിൽ നിന്നു മാത്രം ലഭിക്കുന്ന ഒന്നായി കരുതാതെ വിവേകവും വിവേചന ബുദ്ധിയും സഹജീവി സ്നേഹവും പാരിസ്ഥിതിക അവബോധവും ഉളവാക്കുക എന്നതാണ്. ഇത്തരം അനുഭവങ്ങൾ ലഭിക്കേണ്ട ഇടങ്ങളായി നമ്മുടെ വിദ്യാലയങ്ങൾ മാറേണ്ടതുണ്ട്. നാം അഭിമാനിക്കുന്ന ജനാധിപത്യം, മതനിരപേക്ഷത തുടങ്ങിയ നിലപാടുകൾ വികസിക്കുന്നതും പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇതെല്ലാം ഉൾക്കൊണ്ടു കൊണ്ടാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കേണ്ടത്.

# പ്രാഥമിക വിവരങ്ങൾ

| Name of Teacher | Subject council | Responsibility |
|---|---|---|
| B V Suresh | H M | |
| Sheeba P S | EVS | Staff secretary,<br>School bus convenor |
| Wilsy Rose R | Malayalam | SRG Convenor |
| Deepthi T S | Malayalam | Morning food<br>Noon meal, Malayalam club |
| Prince Mohan | Malayalam | Social science club |
| Deepa K S | Science | Eco club<br>Science club<br>English club<br>School wiki |
| Raji S | Social Science | Vidyarangam<br>Gandhi Darshan<br>Maths Club |
| C K Prasanth Kumar | Sanskrit | School Library<br>Sanskrit club |
| Manjusha P K | Hindi | Hindi club<br>IT club<br>Scholarship<br>ICTC |
| Sheeja Rani | Pre primary | Noon feeding<br>Health, Eco club |

## ഭിന്നശേഷി കുട്ടികളുടെ പട്ടിക

| ക്ലാസ് | VI | ID | OH | Autism | HI | CP | Total |
|---|---|---|---|---|---|---|---|
| Pre Primary | | | | | 1 | | |
| STD 1 | | | | | | | |
| STD 2 | 1 | 1 | 1 | | | | |
| STD 3 | | 1 | | | | | |
| STD 4 | 1 | | | | | | |
| STD 5 | 2 | | | | | | |
| STD 6 | | 1 | | | | | |
| STD 7 | 1 | | | | | 1 | |

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 7 | 2 |
| കളിസ്ഥലം | Nil | 1 |
| ലൈബ്രറി | Nil | 1 |
| റീഡിംഗ് റൂം | Nil | 1 |
| കമ്പ്യൂട്ടർ ലാബ് | Nil | 1 |
| കമ്പ്യൂട്ടർ | 5 | 10 |
| ലാപ്ടോപ് | 5 | 8 |
| പ്രൊജക്ടർ | 2 | 7 |
| ബ്ലാക്ക് ബോർഡ് | 1 | - |
| ഗ്രീൻ ബോർഡ് | 7 | - |
| സ്കൂൾ ബസ് | 1 | - |
| വിഷയ ലാബുകൾ | 1 | 4 |
| സ്റ്റേജ് | Nil | 1 |
| ടോയ്‌ലറ്റ് | 5 | 5 |
| യൂറിനൽ (ആൺ) | Nil | 3 |
| യൂറിനൽ (പെൺ) | Nil | 2 |
| കിണർ | 1 | |
| ചുറ്റുമതിൽ | പൂർണം | |
| അടുക്കള | 1 | |

# ആശയങ്ങൾ / മനോഭാവങ്ങൾ

സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന ഒരു പൊതുവിദ്യാലയമാണ് ഗവ.യു.പി.എസ്.മുല്ലൂർ പനവിള. മനോഹരമായ ഇരുനിലക്കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. എന്നാൽ കുട്ടികളുടെ അക്കാദമിക നിലവാരം കൂടുതൽ മികച്ചതാക്കുന്നതിന് തടസ്സമായിട്ടുള്ള ചില പരിമിതികളെ ഏറ്റെടുത്തുകൊണ്ട് താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് ഈ അക്കാദമിക വർഷം നടപ്പിലാക്കുന്നു.

1. ഓപ്പൺ ആഡിറ്റോറിയം
2. കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി കളിസ്ഥലം തയ്യാറാക്കുന്നു.
3. എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് റൂം ആയി മാറുന്നു. അത്യാധുനിക സംവിധാനങ്ങളുള്ള ശാസ്ത്ര-ഗണിത-സാമൂഹ്യ ശാസ്ത്ര- ഐ.ടി ലാബുകൾ സജ്ജീകരിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുക.
- ക്ലാസ് മുറികളിൽ ഐ.സി.ടി സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക.
- ഓരോ വിഷയത്തിലും മികവാർന്ന പ്രകടനം കാഴ്ച വയ്ക്കുന്നതിനായി വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും ലഭ്യമാക്കാനായി ലാബുകൾ സജ്ജമാക്കുക.
- ലഘുപഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശിൽപശാലകൾ എന്നിങ്ങനെ വിവിധ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറി വിപുലീകരിക്കുക.
- കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നു.
- ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- കുട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠന പിന്തുണ യഥാസമയം നൽകുക. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണാത്മക പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുക.
- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

- ലിംഗ പദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.

- സ്കൂൾ പാർലമെൻറ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

- ദിനാചരണങ്ങൾ അർത്ഥപൂർണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

- സ്കൂൾ ക്യാമ്പസ് ജൈവ വൈവിധ്യ ഉദ്യാനമാക്കുക.,

- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം, ശാസ്ത്ര അവബോധം, വിമർശന അവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.

- ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളെയും പൊതു സമൂഹത്തെയും ബോധ്യപ്പെടുത്തുക.

- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റുക. നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണ്ണയവും കുട്ടികളുടെ അതത് സമയങ്ങളിലെ പഠനനില കണ്ടെത്താനും പുനരനുഭവം ഒരുക്കാനും സഹായകമാകും വിധമാണ് എന്ന് ഉറപ്പാക്കുക.

- മൂല്യനിർണ്ണയത്തിന്റെ തുടർച്ചയായി കുട്ടികളുടെ പെർഫോമൻസ് കൃത്യമായി വിലയിരുത്തുകയും ആവശ്യമായ പഠനപിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക. കുട്ടികൾ 30 ശതമാനത്തിൽ കൂടുതൽ സ്കോർ ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക.

- കുട്ടികളുടെ വായന, ആലാപനം, എഴുത്ത്, സർഗ്ഗരചന എന്നിങ്ങനെ വ്യത്യസ്തങ്ങളായ കഴിവുകൾ വിലയിരുത്തുക.

- കുട്ടികളുടെ വിലയിരുത്തൽ സഹിതം പോർട്ടലിൽ രേഖപ്പെടുത്തുക.

- വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുക.

- ശുചിത്വ വിദ്യാലയം, ഹരിത വിദ്യാലയം തുടങ്ങിയവ നടപ്പിലാക്കുക.
- വിദ്യാലയത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക.

## പ്രതിസന്ധികൾ / പരിമിതികൾ

ആഡിറ്റോറിയം, കളിസ്ഥലം, സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ അഭാവം, ഐ.ടി പ്രവർത്തനങ്ങൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളുടെ ലഭ്യതകുറവ്, ലാബുകളുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടിയുള്ള സ്ഥലപരിമിതി തുടങ്ങിയവ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഒരു പരിധി വരെ പ്രതികൂലമായി വർത്തിക്കുന്നു.

# അക്കാദമിക പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ

## മലയാളം

### ലക്ഷ്യങ്ങൾ

- അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ മുതലായവ ആവശ്യാനുസരണം കൃത്യതയോടും സൂക്ഷ്മതയോടും ഉപയോഗിക്കാനുള്ള ശേഷികളും നൈപുണികളും നേടുക.
- ആശങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം.
- ഭാഷയുടെ സൗന്ദര്യവും ഓജസ്സും തിരിച്ചറിഞ്ഞ് സ്വതന്ത്രമായ ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുക.
- അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക.
- സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- ആശയാവതരണ രീതിയുടെ പ്രായോഗികതയും സാധ്യതയും ഗവേഷണാത്മകമായി പരിശോധിക്കുക.

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല / സാമ്പത്തികം / മോണിട്ടറിംഗ് | ക്ലാസ് |
|---|---|---|---|---|---|
| 1 | ഭാഷാവികാസം | സചിത്ര പുസ്തകം തയ്യാറാക്കൽ , സംയുക്ത ഡയറി | ജൂൺ ആദ്യവാരം | അധ്യാപിക | I - II |
| 2 | വൈജ്ഞാനികം | ക്ലാസ് ലൈബ്രറി നവീകരണം, ക്ലാസ് തല പുസ്തക രജിസ്റ്റർ തയ്യാറാക്കൽ, ഹോം ലൈബ്രറി | ജൂൺ | വിദ്യാരംഗം ക്ലബ്, അധ്യാപകർ | I - VII |
| 3 | ഭാഷാവികാസം | അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ് അക്ഷരക്കാർഡ് നൽകി ആവശ്യപ്പെടുന്ന അക്ഷരം തെരഞ്ഞെടുക്കൽ, പ്രസ്തുത അക്ഷരം വരുന്ന വാക്ക് പത്രത്തിൽ നിന്നും കണ്ടെത്തൽ, അക്ഷരപ്പാട്ടുകൾ, വാക്കുകൾ | ജൂൺ - മാർച്ച് | അധ്യാപകർ | I - VII |

| | | | | | |
|---|---|---|---|---|---|
| | | നിർമ്മാണം, വാക്യങ്ങളുടെ നിർമ്മാണം, ചിത്രവായന, CWSN കുട്ടികളുടെ പങ്കാളിത്തം, വായനോത്സവം, രചനോത്സവം | | | |
| 4 | വൈജ്ഞാനികം | വീട്ടിലൊരു ലൈബ്രറി- ലഭ്യമായ വായനാ സാമഗ്രികൾ ശേഖരിച്ച് ലൈബ്രറി തയ്യാറാക്കൽ - പുസ്തക രജിസ്റ്റർ തയ്യാറാക്കൽ.<br>വീട്ടിലൊരു ലൈബ്രറി സന്ദർശനം<br>വീട്ടിലൊരു ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിച്ച് നൽകുന്നു. | ജൂൺ - മാർച്ച് | രക്ഷിതാക്കൾ അധ്യാപകർ | I - VII |
| 5 | വൈജ്ഞാനികം സർഗ്ഗാത്മകം | സമീപത്തുള്ള വായനശാല സന്ദർശനം പുസ്തകങ്ങൾ പരിചയപ്പെടൽ, ലൈബ്രേറിയനുമായി അഭിമുഖം, വായനശാല സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കൽ. | ജൂൺ - ജൂലൈ | വിദ്യാരംഗം ക്ലബ്ബ് അധ്യാപകർ | I - VII |
| 6 | വൈജ്ഞാനികം | മലയാളത്തിളക്കം പ്രവർത്തനങ്ങൾ - അക്ഷരത്തെറ്റ് കുറയ്ക്കാനായുള്ള പ്രവർ ത്തനങ്ങൾ | ജൂലൈ - മാർച്ച് | വിദ്യാരംഗം ക്ലബ്ബ്, അധ്യാപകർ | I - VII |
| 7 | ഭാഷാവികാസം സർഗ്ഗാത്മകം | അധികവായന സാമഗ്രികൾ<br>ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>ചിത്രം - അടിക്കുറിപ്പ്<br>ചിത്രം - കഥ പറയൽ<br>ചിത്രം - കഥ എഴുതൽ<br>കഥ ബാക്കി എഴുതൽ<br>വായിച്ച കഥയെ വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കൽ<br>ആശംസാകാർഡ് , ഡയറി എഴുത്ത്<br>വർണ്ണന, ജീവചരിത്രക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, കഥകൾ കേട്ട് വിവിധ സങ്കേതങ്ങൾ ഉപയോഗിച്ച് അവതരിപ്പിക്കാൻ അവസരം.<br>കഥാശിൽപശാല, കൈയ്യെഴുത്ത് മാസിക | ജൂൺ - മാർച്ച്<br><br>ഫെബ്രുവരി | അധ്യാപകർ | I - VII |
| 8 | ഭാഷാവികാസം | സെമിനാർ , സംവാദങ്ങൾ സംഘടിപ്പിക്കൽ<br>സെമിനാർ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കൽ<br>യൂണിറ്റിലെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി സംവാദങ്ങൾ നടത്തുന്നു. | സെപ്റ്റം ബർ- മാർ ച്ച് | വിദ്യാരംഗം ക്ലബ്ബ്, അധ്യാപകർ | I - VII |

| | | | | | |
|---|---|---|---|---|---|
| 9 | ഭാഷാവികാസം | അക്ഷരപ്പടി, വായനാസാമഗ്രികൾ നൽകി കുട്ടികളുടെ നിലവാരമനുസരിച്ചുള്ള പ്രവർ ത്തനങ്ങൾ. താഴ്ന്ന നിലവാരം - കേട്ടെഴുത്ത്, ചെറിയ വാക്യങ്ങൾ വായിക്കൽ<br>ശരാശരി - പുസ്തക വായന<br>മികച്ചത് - ആസ്വാദനക്കുറിപ്പ് | ജൂൺ - മാർച്ച് | അധ്യാപകർ | I - VII |
| 10 | സർഗ്ഗാത്മകം | ലഘുനാടകങ്ങൾ, ബാലസഭ നാടകങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കൽ, അവതരിപ്പിക്കൽ, രചനോത്സവം | സെപ്റ്റം ബർ - മാർച്ച് | അധ്യാപകർ | I - VII |

# ENGLISH

**ലക്ഷ്യങ്ങൾ**

- ഇംഗ്ലീഷിൽ ഭാഷാ പ്രവീണ്യം നേടാൻ സഹായിക്കുന്നു.
- ശ്രാവ്യ വായന പ്രോത്സാഹിക്കുന്നു.
- ഇംഗ്ലീഷിൽ ആശയവിനിമയത്തിനുള്ള കഴിവ് ആർജ്ജിക്കുക.
- ഇംഗ്ലീഷ് പഠനത്തിലൂടെ ഭാഷയോടുള്ള സ്നേഹം വളർത്തിയെടുക്കുക.
- ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മകത വളർത്തുക.
- എല്ലാകുട്ടികളും തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാനും വായിക്കാനുമുള്ള കഴിവ് നേടുക.
- അധികവായന പ്രോത്സാഹിപ്പിച്ച് ഭാഷാനൈപുണ്യം വളർത്തുക.

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല / സാമ്പത്തികം / മോണിട്ടറിംഗ് | ക്ലാസ് |
|---|---|---|---|---|---|
| 1 | ഭാഷാ വികാസം | ഇംഗ്ലീഷ് ഭാഷയിലെ പുസ്തകങ്ങളും മാസികകളും വായനയ്ക്കായി നൽ കുന്നു. | ജൂൺ - ജൂലൈ | ഇംഗ്ലീഷ് ക്ലബ്, ഇംഗ്ലീഷ് അധ്യാപിക | I - VII |
| 2 | ഭാഷാവികാസം | ഇംഗ്ലീഷ് കോർണർ<br>ഇംഗ്ലീഷ് ബുക്കുകൾ, മാഗസിനുകൾ എന്നിവ ക്ലാസിൽ ക്രമീകരിക്കുന്നു. | ജൂൺ - ജൂലൈ | ഇംഗ്ലീഷ് ക്ലബ്, ഇംഗ്ലീഷ് അധ്യാപിക | I - VII |
| 3 | ഭാഷാവികാസം | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിലൊ രിക്കൽ | ഇംഗ്ലീഷ് ക്ലബ്, ഇംഗ്ലീഷ് അധ്യാപിക | I - VII |

| | | | | | |
|---|---|---|---|---|---|
| 4 | ഭാഷാവികാസം | നോട്ടീസ്, പോസ്റ്റർ നിർമ്മാണം | ആവശ്യാനുസരണം | ഇംഗ്ലീഷ് അധ്യാപിക | I - VII |
| 5 | സർഗ്ഗാത്മക മേഖല | നാടകാവതരണം - കോറിയോഗ്രാഫി, ഡ്രാമ വർക് ഷോപ്പ് | നവംബർ - ഡിസംബർ | ഇംഗ്ലീഷ് ക്ലബ്, ഇംഗ്ലീഷ് അധ്യാപിക | I - VII |
| 6 | സർഗ്ഗാത്മക മേഖല | ഡയറി എഴുത്ത് | ആവശ്യാനുസരണം | വിദ്യാർത്ഥികൾ | III - VII |
| 7 | വൈജ്ഞാനിക മേഖല | ഇംഗ്ലീഷ് ഫെസ്റ്റ് | മാർച്ച് | ഇംഗ്ലീഷ് ക്ലബ്, ഇംഗ്ലീഷ് അധ്യാപിക,എസ്.ആർ.ജി | I - VII |
| 8 | വൈജ്ഞാനിക മേഖല | ഇംഗ്ലീഷ് വാർത്ത വായന അസംബ്ലിയിൽ | ആഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് ക്ലബ് | I - VII |
| 9 | സർഗ്ഗാത്മക മേഖല | ഇംഗ്ലീഷ് തിയേറ്റർ - സ്കിറ്റ്, കോൺവെർസേഷൻ, ഡ്രാമ | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് ക്ലബ് , എസ്.ആർ.ജി | I - VII |
| 10 | വൈജ്ഞാനിക മേഖല | ഇ ക്യൂബ് - ഇ ലാംഗ്വേജ്, ലൈബ്രറി ആക്റ്റിവിറ്റീസ് | ജൂൺ - മാർച്ച് | അധ്യാപകർ, ഇംഗ്ലീഷ് ക്ലബ് | I - VII |

# HINDI

**ലക്ഷ്യങ്ങൾ**

- യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും ഹിന്ദി അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും ആശയവിനിമയത്തിനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഹിന്ദിഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല / സാമ്പത്തികം / മോണിട്ടറിംഗ് | ക്ലാസ് |
|---|---|---|---|---|---|
| 1 | വൈജ്ഞാനികം | ഗ്രാഫിക് റീഡിംഗിലൂടെ അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. കുട്ടികളുടെ പ്രൊഫൈൽ പ്രദർശനം | ജൂൺ- ജൂലൈ | ഹിന്ദി അധ്യാപിക | V |
| 2 | സർഗ്ഗാത്മകം | എന്റെ ഹിന്ദി ബുക്ക് - നോട്ടുബുക്ക് സമഗ്രവും ആകർഷകവുമാക്കുന്നു. | ജൂൺ- മാർച്ച് | ഹിന്ദി അധ്യാപിക | V - VII |
| 3 | സാമൂഹികം | ഹിന്ദി ക്ലബ്ബ് - സുരീലി ക്ലബ് രൂപീകരിച്ച് സ്കൂളിലെ പ്രവർത്തനങ്ങളിൽ ഹിന്ദി ഭാഷയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപിക | V - VII |
| 4 | ഭാഷാവികാസം | ഹിന്ദി അസംബ്ലി - വാർത്ത വായന, ക്വിസ്, ചിന്താവിഷയം തുടങ്ങിയവ ഉൾപ്പെടുത്തി എല്ലാ ആഴ്ചയിലും അസംബ്ലി സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപിക | VI - VII |
| 5 | വൈജ്ഞാനികം | ഹിന്ദി പ്രശ്നോത്തരി - ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും അസംബ്ലിക്കായും മറ്റ് അവസരങ്ങളിലും ഹിന്ദി ക്വിസിനായി കുട്ടികളെ തയ്യാറാക്കുന്നു. | ജൂൺ- മാർച്ച് | ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപിക | VI - VII |
| 6 | വൈജ്ഞാനികം | ഹിന്ദി പത്രം - ക്ലാസ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്ത് വായനയ്ക്ക് അവസരമൊരുക്കുന്നു. | ജൂൺ- മാർച്ച് | ഹിന്ദി അധ്യാപിക | VII |
| 7 | വൈജ്ഞാനികം | ഹഫ്തെ കാ ശബ്ദ് - ക്ലാസ് നോട്ടീസ് ബോർഡിൽ ഓരോ ആഴ്ചയും പുതിയ വാക്ക് പരിചയപ്പെടുത്തുന്നു. | ജൂൺ- മാർച്ച് | ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപിക | V - VII |
| 8 | ഭാഷാ വികാസം | ICT ഉപയോഗം - പാഠഭാഗങ്ങൾ ICT സഹായത്തോടെ ലളിതമാക്കുന്നു. | ജൂൺ- മാർച്ച് | ഹിന്ദി അധ്യാപിക | V - VII |
| 9 | ഭാഷാവികാസം | ഹിന്ദിയിൽ ആശയവിനിമയം സാധ്യമാക്കുന്നതിന് ക്ലാസിൽ ഹിന്ദി അന്തരീക്ഷം ഉറപ്പാക്കുന്നു. | ജൂൺ- മാർച്ച് | ഹിന്ദി അധ്യാപിക | V - VII |
| 10 | ഭാഷാ വികാസം | സുരീലി ഹിന്ദി - ഭാഷാപഠനം സുഗമവും രസകരവുമാക്കുന്നതിന് സുരീലി ഹിന്ദി കവിതകളുടെ പരിശീലനം. | ജൂൺ- മാർച്ച് | ഹിന്ദി അധ്യാപിക | V - VII |

| | | | | | |
|---|---|---|---|---|---|
| 11 | സർഗ്ഗാത്മകം | ഹിന്ദി പക്ഷാചരണം - സെപ്റ്റംബർ 14 ഹിന്ദി ദിവസിനോട് അനുബന്ധിച്ച് രണ്ടാഴ്ച നീളുന്ന രചനാ മത്സരങ്ങളും പെർഫോർമൻസ് മത്സരങ്ങളും സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | പ്രഥമാധ്യാപകൻ ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപിക | V - VII |
| 12 | സർഗ്ഗാത്മകം | സുരീലി ഫെസ്റ്റ് (ഹിന്ദി കലോത്സവം) - എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി കവിതകൾ കോറിയോഗ്രഫി, സമൂഹഗാനം, ദേശഭക്തിഗാനം, തുടങ്ങിയവ ഉൾപ്പെടുത്തി പരിശീലനം നൽകി സുരീലി ഫെസ്റ്റ് സംഘടിപ്പിക്കുന്നു. | ജനുവരി - ഫെബ്രുവരി | പ്രഥമാധ്യാപകൻ ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപിക | V - VII |
| 13 | ഭാഷാ വികാസം | കൈയ്യെഴുത്ത് മാസിക – കുട്ടികളുടെ രചനകൾ കൈയ്യെഴുത്ത് മാസികയായി പ്രകാശിപ്പിക്കുന്നു. | ജനുവരി | ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപിക | V - VII |
| 14 | സർഗ്ഗാത്മകം | ഹിന്ദി ബാലസഭ – ഹിന്ദി ദിനാചരണങ്ങളോടനുബന്ധിച്ച് ഹിന്ദി ബാലസഭ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ- ജനുവരി | പ്രഥമാധ്യാപകൻ, ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപിക | VI - VII |
| 15 | ഭാഷാ വികാസം | ക്ലാസ് ലൈബ്രറി - ഹിന്ദി വായനാ സാമഗ്രികൾ ക്ലാസ് ലൈബ്രറിയിൽ ഉറപ്പുവരുത്തുന്നു. | ജൂൺ- മാർച്ച് | ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപിക | V - VII |
| 16 | ഭാഷാ വികാസം | ഡിജിറ്റൽ ലൈബ്രറി - ചിത്രങ്ങൾ, പി.ഡി.എഫ്, വീഡിയോസ്, വായനാ കാർഡ് തുടങ്ങിയവയുടെ ഡിജിറ്റൽ റിസോഴ്സ് ശേഖരിച്ച് ഉപയോഗപ്പെടുത്തുന്നു. | ജൂൺ- മാർച്ച് | ഹിന്ദി അധ്യാപിക | V - VII |
| 17 | ഭാഷാ വികാസം | നിരന്തര മൂല്യനിർണയവും തുടർ പ്രവർത്തനങ്ങളും - കുട്ടികളുടെ പഠന പുരോഗതി നിരന്തരം വിലയിരുത്തി പഠനനേട്ടം നേടിയെന്ന് ഉറപ്പുവരുത്തുന്നു ഇല്ലെങ്കിൽ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. | ജൂൺ- മാർച്ച് | ഹിന്ദി അധ്യാപിക | V - VII |
| 18 | ഭാഷാവികാസം | ഹിന്ദി വർക്ക് ഷീറ്റ് - പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ നൽകുന്നു. | ജൂൺ- മാർച്ച് | ഹിന്ദി അധ്യാപിക | V - VII |

# ഗണിത പഠനം

വസ്തുതകളെ  സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതശാസ്ത്ര പഠനത്തിൽ  പ്രധാനമായും ഊന്നൽ നൽകുന്നത്.  ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്ര പഠനം വളരയേറെ സ്വാധീനിക്കുന്നുണ്ട്.  ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നുപോകുന്നില്ല.

**ലക്ഷ്യങ്ങൾ**

- ദൈനംദിന ജീവിത പ്രശനങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന്.
- പ്രശ്നപരിഹരണത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ.
- കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രധാന്യം മനസ്സിലാക്കുന്നതിനും.
- സർഗ്ഗാത്മകചിന്ത വളർത്താൻ സഹായകരമാക്കുക.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുവാൻ കഴിയുക.

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല / സാമ്പത്തികം / മോണിട്ടറിംഗ് | ക്ലാസ് |
|---|---|---|---|---|---|
| 1 | വൈജ്ഞാനിക മേഖല | ഗണിതലാബ് നവീകരണം, ലാബ് ക്രമീകരിക്കൽ | ജൂൺ - ജൂലൈ | ഗണിത ക്ലബ്, ഗണിത അധ്യാപിക | I - VII |
| 2 | വൈജ്ഞാനിക മേഖല | ഗണിതലാബ് സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കുക | ജൂൺ - ജൂലൈ | ഗണിത ക്ലബ് | I - VII |
| 3 | വൈജ്ഞാനിക മേഖല | ഗണിത പുസ്തക പരിചയം<br>ഗണിത പുസ്തകങ്ങളും മാസികകളും വായനയ്ക്കായി നൽകുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നു. | ജൂൺ - ജൂലൈ | ഗണിത ക്ലബ്, ഗണിത അധ്യാപിക | I - VII |
| 4 | വൈജ്ഞാനിക മേഖല | ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കൽ<br>ഗണിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ, ഉപകാരപ്രദമായ മറ്റ് വിവരങ്ങൾ എന്നിവയുടെ പ്രദർശനം. | ജൂൺ - മാർച്ച് | ഗണിത ക്ലബ്, എസ്.ആർ.ജി | I - VII |
| 5 | വൈജ്ഞാനിക മേഖല | സ്ഥാനവില പോക്കറ്റ് നിർമ്മാണം. | ജൂൺ - ജൂലൈ | ഗണിത ക്ലബ് | I - VII |
| 6 | വൈജ്ഞാനികം | അബാക്കസ് നിർമ്മാണം | ഫെബ്രുവരി - മാർച്ച് | ഗണിത ക്ലബ് | I - VII |

| | | | | | |
|---|---|---|---|---|---|
| 7 | വൈജ്ഞാനികം | പസിൽ ഫെസ്റ്റ് | വർഷത്തിലൊരിക്കൽ | ഗണിത ക്ലബ് | I - VII |
| 8 | സർഗ്ഗാത്മകം | ഗണിതപതിപ്പ് നിർമ്മാണം | 3 മാസത്തിലൊരിക്കൽ | ഗണിത ക്ലബ് | I - VII |
| 9 | വൈജ്ഞാനികം | പാറ്റേൺ രൂപീകരണം, പ്രദർശനം | 3 മാസത്തിലൊരിക്കൽ | ഗണിത ക്ലബ് | I - VII |
| 10 | വൈജ്ഞാനികം | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | ആഗസ്റ്റ്- ഒക്ടോബർ | ഗണിത ക്ലബ് | I - VII |
| 11 | വൈജ്ഞാനികം | ചതുഷ്ക്രിയകൾ ഗണിത കളികളിലൂടെ ഉറപ്പിക്കൽ | 3 മാസത്തിലൊരിക്കൽ | ഗണിത ക്ലബ് | I - VII |
| 12 | വൈജ്ഞാനികം | ഗണിത ക്വിസ് സംഘടിപ്പിക്കൽ | 2 മാസത്തിലൊരിക്കൽ | ഗണിത ക്ലബ്, എസ്.ആർ.ജി | I - VII |
| 13 | വൈജ്ഞാനികം | ഗണിത ശാസ്ത്രജ്ഞരുടെ ചിത്ര ശേഖരണം, പ്രദർശനം | വർഷത്തിലൊരിക്കൽ | ഗണിത ക്ലബ്, എസ്.ആർ.ജി | I - VII |
| 14 | വൈജ്ഞാനികം | ഗണിത ശാസ്ത്രമേളകൾ സംഘടിപ്പിക്കുന്നു | ഫെബ്രുവരി | ഗണിത ക്ലബ്, എസ്.ആർ.ജി | I - VII |
| 15 | വൈജ്ഞാനികം | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഗണിത ക്ലബ് | I - VII |
| 16 | വൈജ്ഞാനികം | ഒറിഗാമി ശിൽപശാല വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. | വർഷത്തിൽ 2 തവണ | ഗണിത ക്ലബ് | I - VII |
| 17 | വൈജ്ഞാനികം | ടാൻഗ്രാം പസിൽ പാറ്റേൺ നിർമ്മാണം, പ്രദർശനം | ഫെബ്രുവരി | ഗണിത ക്ലബ് | I - VII |
| 18 | സർഗ്ഗാത്മകം | സംഖ്യകൾ കൂട്ടുകാർ - എന്ന മാഗസിൻ തയ്യാറാക്കൽ | ഫെബ്രുവരി -മാർച്ച് | ഗണിത ക്ലബ്, എസ്.ആർ.ജി | I - VII |
| 19 | സർഗ്ഗാത്മകം | ഗണിത സാമഗ്രികളുടെ നിർമ്മാണം, പ്രദർശനം - കലണ്ടർ, കോൺമാപിനി, മീറ്റർ സ്കെയിൽ, ക്ലോക്ക് നിർമ്മാണം | ആവശ്യാനുസരണം | ഗണിത ക്ലബ് | I - VII |
| 20 | വൈജ്ഞാനികം | ഉല്ലാസ ഗണിതം, ഗണിത വിജയം | ജൂൺ - മാർച്ച് | അധ്യാപകർ | I - VII |

# SCIENCE

**ലക്ഷ്യങ്ങൾ**

- ശാസ്ത്രീയ മനോഭാവം കുട്ടികളിൽ ഉളവാക്കുന്നു.
- ശാസ്ത്ര സാങ്കേതിക അവബോധം വളർത്തുക.
- അശാസ്ത്രീയമായ ആശയങ്ങളും അഭിപ്രായങ്ങളും തിരിച്ചറിഞ്ഞ് പ്രതികരിക്കുക.
- ശാസ്ത്രപഠനം ജീവിതബന്ധിയാക്കുക.
- പരിസ്ഥിതി പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുക.
- നിത്യജീവിതവുമായി ശാസ്ത്രപഠനത്തെ ബന്ധിപ്പിക്കുക.

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല / സാമ്പത്തികം / മോണിട്ടറിംഗ് | ക്ലാസ് |
|---|---|---|---|---|---|
| 1 | വൈജ്ഞാനികം | സയൻസ് ലാബ് നവീകരണം, ലാബ് ക്രമീകരിക്കൽ | ജൂൺ - ജൂലൈ | സയൻസ് ക്ലബ് | V - VII |
| 2 | വൈജ്ഞാനികം | ക്ലാസുകളിലെ ശാസ്ത്ര പരീക്ഷണ ലിസ്റ്റ് തയ്യാറാക്കുന്നു. | ജൂൺ - ജൂലൈ | സയൻസ് ക്ലബ് | V - VII |
| 3 | വൈജ്ഞാനികം | ലാബിലെ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. | ജൂൺ - ജൂലൈ | സയൻസ് ക്ലബ് | V - VII |
| 4 | വൈജ്ഞാനികം | സയൻസ് പാർക്ക് പരിചയപ്പെടൽ<br>ക്ലാസിൽ സയൻസ് കോർണർ | ആവശ്യാനുസരണം | സയൻസ് അധ്യാപിക | IV - VII |
| 5 | വൈജ്ഞാനികം | രണ്ട് പരീക്ഷണങ്ങൾ വീതം ക്ലാസുകളിൽ പ്രദർശിപ്പിക്കുന്നു.<br>പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു.<br>പരീക്ഷണക്കളരി | ആവശ്യാനുസരണം | സയൻസ് ക്ലബ് | IV - VII |
| 6 | വൈജ്ഞാനികം | ശാസ്ത്ര പുസ്തകങ്ങളും ശാസ്ത്ര മാസികയും വായനയ്ക്കായി നൽകുന്നതിന് ലിസ്റ്റ് തയ്യാറാക്കുന്നു. ( ശാസ്ത്ര ലൈബ്രറി) | ജൂൺ - ജൂലൈ | സയൻസ് അധ്യാപിക | V - VII |
| 7 | വൈജ്ഞാനികം | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുന്നു. വീഡിയോ പ്രദർശനം. | ആവശ്യാനുസരണം | സയൻസ് ക്ലബ് | I - VII |
| 8 | സർഗ്ഗാത്മകം | ശാസ്ത്രജ്ഞന്മാരുടെ ചിത്രശേഖരണം, ജീവചരിത്രക്കുറിപ്പ് ഇവയുടെ പ്രദർശനം. | ആവശ്യാനുസരണം | സയൻസ് ക്ലബ് | V - VII |

| | | | | | |
|---|---|---|---|---|---|
| 10 | വൈജ്ഞാനികം | സയൻസ് ഡയറിയിൽ സമകാലീന വാർത്തകൾ രേഖപ്പെടുത്തൽ. | ആവശ്യാനുസരണം | സയൻസ് ക്ലബ് | V - VII |
| 11 | സർഗ്ഗാത്മകം | ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നു. | ജൂൺ - ആഗസ്റ്റ് | സയൻസ് ക്ലബ് | V-VII |
| 12 | വൈജ്ഞാനികം | ഔഷധസസ്യത്തോട്ടം നിർമ്മാണം, ഔഷധസസ്യ ചിത്രശേഖരണം | ജൂൺ - ആഗസ്റ്റ് | പരിസ്ഥിതി ക്ലബ്, സയൻസ് ക്ലബ്, SRG, PTA, SMC | V - VII |
| 13 | വൈജ്ഞാനികം | പഠനയാത്രകൾ | ആവശ്യാനുസരണം | സയൻസ് ക്ലബ്, SRG, PTA, SMC, MPTA | I - VII |
| 14 | വൈജ്ഞാനികം | സ്കൂൾ ശാസ്ത്രമേള, ഉപജില്ലാ ശാസ്ത്രമേള സംഘടിപ്പിക്കൽ | ജനുവരി - ഫെബ്രുവരി | പ്രഥമാധ്യാപകൻ , സയൻസ് ക്ലബ്, SRG | I - VII |
| 15 | വൈജ്ഞാനികം | ശാസ്ത്രോത്സവം - പരീക്ഷണങ്ങൾ, പരീക്ഷണക്കുറിപ്പ് പ്രദർശനം, ഉൽപ്പന്നങ്ങൾ എന്നിവയുടെ പ്രദർശനം | ഫെബ്രുവരി - 28 | പ്രഥമാധ്യാപകൻ, സയൻസ് ക്ലബ്, SRG | I - VII |
| 16 | വൈജ്ഞാനികം | ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കൽ - ശാസ്ത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ, മറ്റ് വിവരങ്ങൾ എന്നിവയുടെ പ്രദർശനം. | ജൂൺ-മാർച്ച് | സയൻസ് ക്ലബ് | V- VII |
| 17 | സർഗ്ഗാത്മകം | പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | വിദ്യാർത്ഥികൾ | III - VII |
| 18 | വൈജ്ഞാനികം | സയൻസ് ദിനാചരണവുമായി ബന്ധപ്പെട്ട ക്വിസ് | ആവശ്യാനുസരണം | സയൻസ് ക്ലബ് | III - VII |
| 19 | വൈജ്ഞാനികം | ശാസ്ത്ര മാഗസിൻ നിർമ്മാണം, പ്രദർശനം | ഫെബ്രുവരി - മാർച്ച് | സയൻസ് ക്ലബ്, SRG | V - VII |
| 20 | സർഗ്ഗാത്മകം | ഹെർബേറിയം നിർമ്മാണം, പ്രദർശനം | ജൂൺ - സെപ്റ്റംബർ | വിദ്യാർത്ഥികൾ | V |

# SOCIAL SCIENCE

**ലക്ഷ്യങ്ങൾ**

- തന്റെ ചുറ്റുപാടുകളുമായി ബന്ധിപ്പിച്ച് പഠിതാവിന്റെ സ്വാഭാവിക പഠനത്തിനും വളർച്ചയ്ക്കും അവസരമൊരുക്കുന്നു.
- സാമൂഹിക വിദ്യാഭ്യാസത്തിനുള്ള അവസരമൊരുക്കുന്നു.
- സാമൂഹിക നൈപുണികളുടെ വികാസത്തിന് അവസരമൊരുക്കുന്നു.
- നമ്മുടെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കാനുള്ള മനോഭാവം വളർത്തുന്നു.
- സമാധാനം നിലനിർത്താനുള്ള മനോഭാവം വികസിപ്പിക്കുകയും അതിനായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.
- സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള നൈപുണിയും മനോഭാവവും വികസിപ്പിക്കുന്നു.
- പരിസ്ഥിതി പ്രവർത്തനത്തിന്റെ  ആവശ്യകത ബോധ്യപ്പെട്ട് അതിനാകയി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു.
- വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ സഹായിക്കുന്നു.
- സമ്പത്തിന്റെ ഉത്പാദനം, വിതരണം, സാമ്പത്തിക ബന്ധങ്ങൾ എന്നിവ തിരിച്ചറിയുകയും പൊതു സമൂഹത്തിന് ഗുണകരമായ വിധത്തിൽ ഈ സാമ്പത്തിക ബന്ധങ്ങളെ മാറ്റിത്തീർക്കുന്നതിനുള്ള ഇടപെടലുകൾക്ക് അവസരം ലഭിക്കുന്നു.
- ജനാധിപത്യം, സാമൂഹികനീതി, മതനിരപേക്ഷത എന്നീ ആശയങ്ങളെപ്പറ്റിയുള്ള ധാരണകൾ വിപുലപ്പെടുത്തുന്നതിനും ഇവയ്ക്ക് വിഘാതമായവയ്ക്കെതിരെ നിലപാടുകൾ സ്വീകരിക്കുന്നതിനും പ്രയോഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും അവസരം ലഭിക്കുന്നു.
- സാമൂഹ്യ ജീവിതത്തിന്റെ വിശകലനത്തിന് സഹായകമായ വിവിധ സാമൂഹ്യ ശാസ്ത്ര വിഷയങ്ങളുടെ രീതിശാസ്ത്രം പരിചയപ്പെടാനും അത് സ്വായത്തമാക്കാനും  അവസരം ലഭിക്കുന്നു.

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല / സാമ്പത്തികം / മോണിട്ടറിംഗ് | ക്ലാസ് |
|---|---|---|---|---|---|
| 1 | സാമൂഹികം വൈകാരികം | ദിനാചരണങ്ങൾ, സംവാദം, അഭിമുഖം, സെമിനാർ എന്നിവ സംഘടിപ്പിക്കുന്ന | ജൂൺ - മാർച്ച് | സാമൂഹിക ശാസ്ത്ര ക്ലബ്, അധ്യാപകർ, പി.ടി.എ | V - VII |
| 2 | വൈജ്ഞാനികം | പതിപ്പ്, ആൽബം | ജൂൺ - മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | IV - VII |
| 3 | വൈജ്ഞാനികം | ചുമർ പത്രിക | ജൂലൈ - ആഗസ്റ്റ് | സാമൂഹിക ശാസ്ത്ര ക്ലബ് | V - VII |

| | | | | | |
|---|---|---|---|---|---|
| 4 | വൈജ്ഞാനികം | മാഗസിൻ , ആൽബം | ആവശ്യാനുസരണം | സാമൂഹിക ശാസ്ത്ര ക്ലബ് | V - VII |
| 5 | സാമൂഹികം വൈജ്ഞാനികം | പ്രദേശിക ചരിത്ര രചന | ആഗസ്റ്റ് - സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ ,പി.ടി.എ, എസ്.ആർ.ജി | V |
| 6 | സാമൂഹികം വൈജ്ഞാനികം | സംവാദം - കാലിക പ്രസക്തിയുള്ള വിഷയങ്ങൾ | ജൂൺ - മാർച്ച് | സാമൂഹ്യ ശാസ്ത്ര ക്ലബ്, അധ്യാപകർ | IV - VII |
| 7 | വൈജ്ഞാനികം | സാമൂഹ്യശാസ്ത്ര ലാബ് | ജൂൺ - മാർച്ച് | സാമൂഹ്യ ശാസ്ത്ര ക്ലബ് | IV - VII |
| 8 | വൈജ്ഞാനികം സാമൂഹികം | പ്രാദേശിക ഭൂപട നിർമ്മാണം | സെപ്റ്റംബർ - ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | VI |
| 8 | വൈജ്ഞാനികം | പ്രോജക്ട് വർക്ക് | ജനവരി - ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | V - VII |
| 10 | ജ്ഞാനികം | പത്ര ക്വിസ് | എല്ലാ വെള്ളിയാഴ്ചയും | സാമൂഹ്യശാസ്ത്ര ക്ലബ്, അധ്യാപകർ | V- VII |

# സംസ്കൃതം

ആമുഖം

ഐഹികവും ആമുഷ്മികവുമായ എല്ലാ സദ്കർമ്മങ്ങൾക്കും ഹേതുഭൂതമായ ഈ ഭാരതഭൂമിയിൽ ജന്മം കൊണ്ടതും സഹസ്രാബ്ദങ്ങളായി ഭാരതത്തിന്റെ സംസ്കൃതിക്കും ചിന്താസരണികൾക്കും ചാലകശക്തിയായി വർത്തിക്കുന്നതും അറിവിന്റെ അക്ഷയഖനികളെ ഗർഭം ധരിച്ച് കിടക്കുന്നതുമായ ആര്യഭാഷയാണ് സംസ്കൃതം. കർക്കശമായ വ്യാകരണ നിയമങ്ങൾ കൊണ്ട് സംസ്കൃതം പ്രായേണ കഠിന ഭാഷ എന്നാണ് അറിയപ്പെടുന്നതെങ്കിലും അത് ഉൾക്കൊള്ളുന്ന ശാസ്ത്രീയവും ദാർശനികവും തത്വചിന്താപരവുമായ സവിശേഷതകളെ സർവ്വോപരി ഭാഷയുടെയും സാഹിത്യത്തിന്റെയും മേന്മയെക്കുറിച്ച് പഠിതാക്കളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ലക്ഷ്യങ്ങൾ

1. ഇന്തോ-യൂറോപ്യൻ ഭാഷാ ഗോത്രത്തിൽപെട്ടതും അതിപ്രാചീനവും സാഹിത്യ സൃഷ്ടികൾ കൊണ്ടും വ്യാകരണത്തിന്റെ സവിശേഷതകൾ കൊണ്ടും വിശ്വവിഖ്യാതമായ സംസ്കൃത ഭാഷയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക.

2. വിഭിന്ന ഭാഷാ ഗോത്രങ്ങളിൽപ്പെട്ടതാണെങ്കിലും സംസ്കൃതവും മലയാളവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് മനസിലാക്കുക.
3. അക്ഷര സമാമ്നായത്തിന്റെയും സംസ്കൃത വ്യാകരണത്തിന്റെയും അടിസ്ഥാന ശിലയായ മാഹേശ്വര സൂത്രങ്ങൾ കുട്ടികളിൽ ഉറപ്പിക്കുക.
4. സുബന്ത-തിങന്ത വിവേചനം.
5. ലകാര വ്യവസ്ഥ
6. ആർഷ ഗ്രന്ഥങ്ങളുടെ ജ്ഞാനം.
7. ലൗകിക-വൈദിക സംസ്കൃതങ്ങളുടെ സവിശേഷത.
8. സാഹിത്യാഭിരുചി വികാസം.
9. കമ്പ്യൂട്ടറിന് ഏറ്റവും യോജിച്ച ഭാഷയായ സംസ്കൃതവും കമ്പ്യൂട്ടറും തമ്മിലുള്ള ബന്ധം.
10. സംസ്കൃതഭാഷയിൽ സാഹിത്യ സൃഷ്ടികൾ നടത്തുന്നതിനും എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി ആർജിക്കൽ.

ക്ലാസ് - 5, 6, 7
സമയം - 10 മാസം
നിർവ്വഹണ ചുമതല – സംസ്കൃതാധ്യാപകൻ
സഹായം - പർണ്ണശാല സംസ്കൃത പഠന കേന്ദ്രം, തിരുവനന്തപുരം.

**പ്രവർത്തനങ്ങൾ**

ഭാഷാവികാസം

അക്ഷര കാർഡുകളുടെ നിർമ്മാണം, പാഠപുസ്തകത്തെ അധികരിച്ചിട്ടുള്ള എഴുത്തും വായനയും, പദസൂര്യ നിർമ്മാണം, നൂതന ശബ്ദ പരിചയം, പര്യായപദ, നാനാർത്ഥ നിഘണ്ടുക്കൾ, സുബന്ത - തിങന്ത ശബ്ദങ്ങളുടെ പഠനവും ലേഖനവും, കഥാരചന, കവിതാ രചന, ഉപന്യാസ രചന, കഥാകഥനം, പദ്യംചൊല്ലൽ, ദശ-ലകാരങ്ങളുടെ ചാർട്ട് തയ്യാറാക്കൽ, ആശംസാ കാർഡുകളുടെ നിർമ്മാണം, അകാരാന്ത, ഇകാരാന്ത, ഉകാരാന്ത, ഋകാരാന്തങ്ങളായ പുല്ലിംഗ ശബ്ദങ്ങളുടെയും ആകാരാന്ത, ഈകാരാന്ത, ഊകാരാന്ത, ഌകാരാന്ത സ്ത്രീലിംഗ ശബ്ദങ്ങളുടെയും പഠനവും പാഠനവും, പാദകോശ നിർമ്മാണം, സരള സംസ്കൃതത്തിലുള്ള സംഭാഷണം.

വൈജ്ഞാനികം

സ്കൂൾ ലൈബ്രറിയുടെയും ഇന്റർനെറ്റിന്റെയും പർണ്ണശാല സംസ്കൃത പഠനകേന്ദ്രം തിരുവനന്തപുരത്തിന്റെയും അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി നാല് വേദങ്ങളും, ആറ് ശാസ്ത്രങ്ങളും, ഉപനിഷത്തുക്കളും, ഷഡ് ദർശനങ്ങളും, ആയുർവേദാദി ഉപവേദങ്ങളും, മഹാകാവ്യങ്ങളും സാമാന്യമായി കുട്ടികൾക്ക് മനസിലാകുന്ന രീതിയിൽ ക്ലാസുകളും സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിക്കും. വിവിധ വൈജ്ഞാനിക മേഖലകളെ അടിസ്ഥാനപ്പെടുത്തി പ്രശ്നോത്തരികൾ

സംഘടിപ്പിക്കും. വിവിധ വൈജ്ഞാനിക മേഖലകളെ അടിസ്ഥാനപ്പെടുത്തി പ്രശ്നോത്തരികൾ സംഘടിപ്പിക്കും. ചിന്തോദ്ദീപകങ്ങളായ സുഭാഷിതങ്ങളുടെയും മഹത് വചനങ്ങളുടെയും ചാർട്ടുകൾ തയ്യാറാക്കി ക്ലാസുകളിൽ പ്രദർശിപ്പിക്കും. സംസ്കൃത പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും സ്കൂൾ, ക്ലാസ് ലൈബ്രറിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയ്ക്കുവേണ്ടിയുള്ള ക്ലാസുകൾ സമയബന്ധിതമായി പൂർത്തിയാക്കും.

സർഗ്ഗാത്മകം

ഭാവനാധിഷ്ഠിത സർഗ്ഗാത്മകതയുടെ അതിവിശാലമായ വാതായനങ്ങളാണ് സംസ്കൃതഭാഷയും സാഹിത്യവും സഹൃദയർക്കിടയിൽ തുറന്നിടുന്നത്. വാത്മീകി, വ്യാസൻ, ഭാസൻ, കാളിദാസൻ, അശ്വഘോഷൻ, ഭവഭൂതി, ബാണഭട്ടൻ തുടങ്ങിയ സാഹിത്യ നായകൻമാരെയും അവരുടെ സാഹിത്യ സൃഷ്ടികളെയും തദ്വാരാ അവയുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണവും നൽകും. ഋഗ്വേദീയ സംവാദ സൂക്തങ്ങളായ പുരൂരവ-ഉർവ്വശീ സംവാദം, വിശ്വാമിത്ര-നദീ സംവാദം, യമ-യമീ സംവാദം, സരവ-പണി സംവാദം എന്നിവ ക്ലാസുകളിൽ അവതരിപ്പിക്കും. സംസ്കൃത സിനിമകളുടെയും നാടകങ്ങളുടെയും വിജ്ഞാനപ്രദമായ ലഘു ഡോക്യുമെന്ററികളുടെയും പ്രദർശനം, പ്രാചീന സംസ്കൃത കലാരൂപമായ കൂടിയാട്ടത്തെ കുറിച്ചുള്ള വീഡിയോകളുടെ പ്രദർശനം, കഥാ, കവിതാ,സമസ്യാ തുടങ്ങി വിവിധ സംസ്കൃത കലാ സാഹിത്യ രൂപങ്ങളിലുള്ള അഭിരുചി പ്രകടിപ്പിക്കൽ തുടങ്ങിയവയ്ക്ക് കുട്ടികൾക്ക് അവസരം നൽകും.

## കലാകായികം

- കൃത്യമായ ഇടവേളകളിൽ സുംബ പരിശീലനം നൽകുന്നു.
- എല്ലാ വ്യാഴാഴ്ചകളിലും പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് നൃത്തപരിശീലനം നൽകുന്നു.
- ചൊവ്വ, വെള്ളി ദിവസങ്ങളിൽ യോഗ പരിശീലനം നൽകുന്നു.

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

പാഴ് വസ്തുക്കളിൽ നിന്ന് വിവിധ ഉത്പ്പങ്ങൾ നിർമ്മിക്കുക, പേപ്പർ ബാഗ് നിർമ്മാണം, കരകൗശലം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുന്നു.

## തനതു പരിപാടിയിലൂടെ

സംസ്ഥാനതല തനതു പരിപാടികളായ ലഹരി വിരുദ്ധ ക്യാംപെയിൻ, ശുചിത്വ വിദ്യാലയം, ഹരിത വിദ്യാലയം, സുംബ/ലഘുവ്യായാമം തുടങ്ങിയവ സ്കൂൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

## സ്കൂൾതല തനതു പരിപാടിയിലൂടെ

**അക്ഷരപടവ്** എന്ന പ്രവർത്തനത്തിലൂടെ പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെ വായനയുടെയും എഴുത്തിന്റെയും മുഖ്യധാരയിലെത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## സ്കൂൾതല മോണിട്ടറിംഗ്

HM, PTA President, SRG, SMC തുടങ്ങിയവയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ കൃത്യമായി മോണിട്ടറിംഗിലൂടെ വിലയിരുത്തുന്നു.